വൈദ്യുതിചാർജ് വർദ്ധന

65(276) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്നു മുതൽ ചാർജ് വർദ്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) പ്രസക്തമല്ല.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യവൈദ്യുതി കണക്ഷൻ

66(277) ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് നൽകുന്ന സൗജന്യവൈദ്യുതി കണക്ഷനുവേണ്ടി തിരുവനന്തപുരം നഗരസഭയിലെ പൂന്തുറ വാർഡിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ബി) ഇതിൽ എത്ര പേർക്ക് കണക്ഷൻ നൽകിയിട്ടുണ്ട് ;

(സി) കണക്ഷൻ ലഭിക്കുവാൻ അർഹതയുള്ള മറ്റുള്ളവർക്ക് കണക്ഷൻ നൽകുന്നതിന് കാലതാമസം വരുന്നതിന്റെ കാരണം വിശദമാക്കാമോ ;

(ഡി) ഇവർക്ക് അടിയന്തിരമായി വൈദ്യുതി കണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 268 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) 86 പേർക്ക് കണക്ഷൻ നൽകിയിട്ടുണ്ട്.

(സി) കപ്പാസിറ്റി കുറഞ്ഞ മീറ്ററുകളുടെ ദൗർലഭ്യംമൂലമാണ് കാലതാമസം വരുന്നത്.

(ഡി) മീറ്ററുകളുടെ ലഭ്യത അനുസരിച്ച് ഇവർക്ക് കണക്ഷൻ നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly